വൈദ്യുത ബോർഡ് കായംകുളം തെർമൽ പവർ സ്റ്റേഷന് നൽകാനുള്ള തുക

100 (1767) ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുത ബോർഡ് കായംകുളം തെർമൽപവർ സ്റ്റേഷനിൽ നിന്നും വൈദ്യുതി വാങ്ങിയ വകയിൽ എന്ത് തുക കൊടുക്കുന്നുണ്ട് ;

(ബി) രാമഗുണ്ടം, നെയ്വേലി മുതലായ സ്ഥലങ്ങളിൽ നിന്നും വൈദ്യുതി വാങ്ങിയ വകയിൽ എന്തു തുക കൊടുക്കാനുണ്ട് ?

ഉത്തരം

(എ) കായംകുളം തെർമൽ പവർസ്റ്റേഷനിൽ നിന്ന് വൈദ്യുതി വാങ്ങുന്ന വകയിൽ ബോർഡ് ഇപ്പോഴത്തെ നിലയ്ക്ക് കുടിശ്ശിക ഒന്നും നൽകാനില്ല.

(ബി) 31-8-2000 വരെയുള്ള കുടിശ്ശിക താഴെ കൊടുക്കുന്നു.

1 രാമഗുണ്ടം - 23.07 കോടി രൂപ. ഇതിൽ ഇൻസെന്റീവ് അഡ്വാൻസ്, ടാക്സ് എന്നിവ ഉൾപ്പെടുന്നു.

2 നെയ്വേലി - 5.22 കോടി രൂപ. ഇത് വൈദ്യുതി വാങ്ങിയ വകയിൽ കൊടുത്തു തീർക്കാനുള്ള കുടിശ്ശികയാണ്.

കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ കെ. എസ്. ഇ. ബി. കളക്ഷൻ സെന്റർ

101 (1768) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കിടങ്ങൂർ പഞ്ചായത്തിൽപ്പെട്ട ചെംപിളാവിൽ കെ. എസ്. ഇ. ബി. കളക്ഷൻ സെന്റർ ആരംഭിക്കുവാൻ നിവേദനം ലഭിച്ചിരുന്നുവോ ; വിശദാംശം വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത നിവേദനത്തിന്മേൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;

(സി) ഇതു സംബന്ധമായ നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) നടപടിക്രമങ്ങൾ പൂർത്തിയാക്കി കളക്ഷൻ സെന്റർ ആരംഭിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇതു സംബന്ധിച്ച് ചെംപിളാവ് കരയിലെ ശ്രീ. വി. ജെ. ആന്റണി മുതൽ ആറു പേരുടെ ഒരു അപേക്ഷ ലഭിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി-ഡി) പ്രസ്തുത അപേക്ഷയിലെ ആവശ്യം വൈദ്യുതി ബോർഡ് പരിശോധിക്കുകയുണ്ടായി. കളക്ഷൻ സെന്റർ തുടങ്ങാൻ നിർദ്ദേശിച്ച ചെംപിളാവ് എന്ന സ്ഥലം കിടങ്ങൂർ പഞ്ചായത്തിലാണ്. ഇതേ പഞ്ചായത്തിൽ തന്നെ ഉദ്ദേശം 3 കി. മീ മാറി ചേർപ്പുങ്കൽ എന്ന സ്ഥലത്ത് ഇപ്പോൾ ഒരു കളക്ഷൻ സെന്റർ പ്രവർത്തിക്കുന്നുണ്ട്. നിലവിലുള്ള നടപടി ക്രമമനുസരിച്ച് ഒരു പഞ്ചായത്തിൽ ഒരു സെന്റർ പ്രവർത്തിക്കാനാണ് നിശ്ചയിച്ചിട്ടുള്ളത്. അപേക്ഷയിൽ ആവശ്യപ്പെട്ട സ്ഥലത്ത് ഏകദേശം 700 ഉപഭോക്താക്കൾ മാത്രമാണുള്ളത്. അതുകൊണ്ട് ചെംപിളാവിൽ ഒരു കളക്ഷൻ സെന്റർ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

എസ്. എൻ. സി. ലാവലിൻ കമ്പനിയ്ക്ക് കോൺട്രാക്ട് നൽകിയ നടപടി

102 (1769) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാനഡ കേന്ദ്രമായുള്ള എസ്. എൻ. സി. ലാവലിൻ കമ്പനിയ്ക്ക് കെ. എസ്. ഇ.ബി. യുടെ ഏതെല്ലാം പണിയുടെ കോൺട്രാക്ടാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ പ്രോജക്ടിന്റെയും പ്രസ്തുത കമ്പനിയുമായി എന്തു തുകയ്ക്കുള്ള കരാറാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) 1996 മേയ് മുതൽ 2000 ഫെബ്രുവരി 15 വരെ പ്രസ്തുത കമ്പനിയ്ക്ക് കെ. എസ്. ഇ. ബി. എന്ത് തുക ഇതിനകം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത കമ്പനിയ്ക്ക് നൽകിയ കോൺട്രാക്ട് വർക്കുകൾ ടെണ്ടർ വിളിച്ചാണോ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഇ) ഓരോ ടെണ്ടറിനും ഏതെല്ലാം കമ്പനികളാണ് പങ്കെടുത്തിരുന്നതെന്നും ഓരോ കമ്പനിയും എന്തു തുക വീതമാണ് ക്വാട്ട് ചെയ്തിട്ടുള്ളതെന്നും വെളിപ്പെടുത്താമോ ;

(എഫ്) ടെണ്ടർ വിളിക്കാതെ ഏതെല്ലാം വർക്കുകളാണ് പ്രസ്തുത എസ്. എൻ. സി. ലാവലിൻ കമ്പനിയ്ക്ക് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ജി) ടെണ്ടർ വിളിക്കാതെ പ്രസ്തുത കമ്പനിയ്ക്ക് വർക്ക് നൽകാൻ കെ. എസ്. ഇ. ബി. യെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാമാണ് ;

(എച്ച്) ടെണ്ടർ വിളിക്കാതെ വർക്ക് നൽകിയതിനെ സംബന്ധിച്ച് പത്രമാധ്യമങ്ങളിൽ വന്ന ആരോപണങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഐ) പ്രസ്തുത ആരോപണങ്ങളെക്കുറിച്ച് ഒരു സി. ബി. ഐ. അന്വേഷണത്തിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly